**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **30-09-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ എവിടെയൊക്കെയാണ് കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കെ-സ്റ്റോറുകൾ വഴി ഏതൊക്കെ സാധനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിന് റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ(IOC) ചോട്ടു ഗ്യാസ് 5Kg, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു.<br><br>കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങളും, കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉല്പന്നങ്ങളായ അശ്മാർക്ക് കറി പൗഡറുകൾ, വിവിധ തരത്തിലുള്ള മസാലപ്പൊടികൾ, ഗോതമ്പ് പൊടി, പുട്ടുപൊടി, തേങ്ങാപാൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, കുടകൾ എന്നിവ കെ-സ്റ്റോറുകൾ വഴി വിതരണം നടത്തുന്നതിലേയ്ക്കായി ടി സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 10 കെ-സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അനുവദിച്ചിട്ടുള്ള കെ-സ്റ്റോറുകളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

**അനുബന്ധം**

| **ക്രമ നമ്പർ** | **താലൂക്ക്** | **FPS നമ്പർ** | **പഞ്ചായത്ത്** | **സ്ഥലം** |
|---|---|---|---|---|
| 1 | ഇരിട്ടി | 2379035 | മട്ടന്നൂർ മുനിസിപ്പാലിറ്റി | പൊറോറ |
| 2 | ഇരിട്ടി | 2379115 | പടിയൂർ | പെരുമണ്ണ് |
| 3 | ഇരിട്ടി | 2379034 | മട്ടന്നൂർ മുനിസിപ്പാലിറ്റി | മണ്ണൂർ |
| 4 | ഇരിട്ടി | 2379117 | പടിയൂർ | കല്ലുവയൽ |
| 5 | ഇരിട്ടി | 2379110 | പടിയൂർ | പടിയൂർ |
| 6 | തലശ്ശേരി | 2367202 | കോളയാട് | ആലച്ചേരി |
| 7 | തലശ്ശേരി | 2367105 | മാങ്ങാട്ടിടം | കൈതേരി ഇടം |
| 8 | തലശ്ശേരി | 2379176 | മാലൂർ | കാഞ്ഞിലേരി |
| 9 | തലശ്ശേരി | 2379178 | മാലൂർ | തോലമ്പ്ര |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 10 | തലശ്ശേരി | 2367427 | മാലൂർ | കുണ്ടേരിപ്പൊയിര |

സെക്ഷൻ ഓഫീസർ